# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **3626** | **20.06.2018-ൽ മറുപടിയ്ക്ക്**

## തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജ്

| | ചോദ്യം<br>ശ്രീ. എം. സ്വരാജ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കിടക്കകളുള്ള തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃപ്പൂണിത്തുറ, ആയുർവേദ കോളേജിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി അക്കാദമിക് ബ്ലോക്ക് സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആയുർവേദ കോളേജിനോടനുബന്ധിച്ചുള്ള ആശുപത്രിയിൽ അവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ചു വരുന്നു. എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആശുപത്രിയിൽ നടന്നു വരുന്നു. ഭാവിയിൽ സി.സി.ഐ.എം. അംഗീകാരത്തിനായി ടി സർട്ടിഫിക്കേഷൻ ആവശ്യമായി വരുന്നതാണ്. |
| (ബി) | ഇവിടെ ഒരു അക്കാദമിക് ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള ദീർഘ-കാലമായുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇതിലേക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ; | (സി) | അക്കാഡമിക് ബ്ലോക്ക് സ്ഥാപിക്കുന്നതിനായി 2015-2016 സാമ്പത്തിക വർഷത്തിൽ ക്യാപ്പിറ്റൽ ശീർഷകത്തിൽ 229 ലക്ഷം രൂപയും 2016-2017 സാമ്പത്തിക വർഷത്തിൽ കാപ്പിറ്റൽ ശീർഷകത്തിൽ 100 ലക്ഷം രൂപയും 2017-2018 സാമ്പത്തിക വർഷത്തിൽ കാപ്പിറ്റൽ ശീർഷകത്തിൽ 70 ലക്ഷം രൂപയും ഭ രണാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഇതിനായി 250 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | ഈ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് സമയ-ബന്ധിതമായ നടപടികൾ സ്വീകരിക്കുമോ? | | നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ